adhao
IGN
Asiya Andrabi
g leader of Dukhtaran-e-Millat.
Asiya Naqash

ബേഠി ബച്ചാവോ പോസ്റ്ററിൽ വിഘടനവാദി നേതാവിന്റെ ചിത്രവും

ശ്രീനഗർ: കേന്ദ്ര സർക്കാരിന്റെ 'ബേഠി ബച്ചാവോ, ബേഠി പഠാവോ' പദ്ധതിയുടെ പ്രചാരണാർത്ഥം പുറത്തിറക്കിയ പോസ്റ്ററിൽ കാശ്മീർ വിഘടനവാദി നേതാവ് ആസിയ ആൻഡ്രാബിയുടെ ചിത്രവും ഉൾപ്പെട്ടത് വൻ വിവാദങ്ങൾക്ക് വഴിയൊരുക്കി. ജീവിത മാതൃക കാട്ടി ശ്രദ്ധേയരായ സ്ത്രീകളുടെ ചിത്രങ്ങൾക്കൊപ്പം ആസിയയുടെ ചിത്രവും ഉൾപ്പെടുത്തിയത് വൻ വിവാദങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. ഇന്ദിരാ ഗാന്ധി, മദർ തെരേസ, മെഹബൂബ മുഫ്തി, കിരൺ ബേദി തുടങ്ങിയ വനിതകൾക്കൊപ്പമാണ് ദ ദുഗ്തരൺ -ഇ മില്ലത് നേതാവ് ആസിയയുടെ ചിത്രവും ഉള്ളത്. സാമൂഹിക ക്ഷേമവകുപ്പിന്റെ കീഴിൽ അനന്ത്നാഗ് ജില്ലയിലെ ബ്രാംഗ് ബ്ലോക് ശിശു സംരക്ഷണ വിഭാഗമാണ് പോസ്റ്റർ പുറത്തിറക്കിയിരിക്കുന്നത്.

നന്ദേഡ് തദ്ദേശ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് മുന്നേറ്റം

നന്ദേഡ്: മഹാരാഷ്ട്രയിലെ നന്ദേഡ് മുനിസിപ്പൽ കോർപറേഷൻ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് മികച്ച വിജയം നേടി. വോട്ടെണ്ണൽ പൂർത്തിയായ 54 സീറ്റുകളിൽ 49 സീറ്റിലും കോൺഗ്രസ് വിജയിച്ചു. ശേഷിക്കുന്ന അഞ്ച് മണ്ഡലങ്ങളിൽ ബി.ജെ.പിക്കാണ് മുന്നേറ്റം.

ഒടുവിൽ ഫലം പുറത്തുവരുമ്പോൾ 81 അംഗ സഭയിൽ 54 സീറ്റുകളിലെ വോട്ടെണ്ണൽ മാത്രമാണ് പൂർത്തിയായത്. മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും കോൺഗ്രസിന്റെ മഹാരാഷ്ട്ര അദ്ധ്യക്ഷനുമായ അശോക് സിംഗ് ചൗഹാന്റെ തട്ടകമായ നന്ദേഡിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ വൻ പ്രചാരണമാണ് നടന്നത്. കഴിഞ്ഞ തവണ 81 അംഗ സഭയിൽ 41 ആയിരുന്ന കോൺഗ്രസിന്റെ അംഗബലം. എൻ.സി.പിയും ശിവസേനയും ഇത്തവണ കനത്ത തിരിച്ചടി നേരിട്ടു.

മഹാരാഷ്ട്രയിൽ കോൺഗ്രസിന്റെ തിരിച്ചുവരവ് തുടങ്ങിക്കഴിഞ്ഞെന്ന് ചവാൻ പ്രതികരിച്ചു.

അഴിമതി; ജയ് ഷായെ പിന്തുണച്ച് ആർ.എസ്.എസ്

ന്യൂഡൽഹി: ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷായുടെ മകൻ ജയ് ഷായുടെ കമ്പനി അനധികൃതമായി ആനുകൂല്യങ്ങൾ നേടിയെടുത്തെന്ന ആരോപണത്തെ പ്രതിരോധിച്ച് ആർ.എസ്.എസ് രംഗത്തെത്തി. ജയ് ഷായ്ക്കെതിരായ തെളിവുണ്ടെങ്കിൽ മാത്രമെ അന്വേഷണം നടത്തേണ്ട ആവശ്യമുള്ളുവെന്ന് ഭോപ്പാലിൽ നടന്ന യോഗത്തിനിടെ ആർ.എസ്.എസ് അറിയിച്ചു. അഴിമതി നടന്നതായി പ്രാഥമികമായി തെളിവുകൾ വേണമെന്ന് ആർ.എസ്.എസ് പറഞ്ഞു.

വിയറ്റ്നാം; വെള്ളപ്പൊക്കത്തിൽ 37 മരണം

ഹനോയ്: വിയറ്റ്നാമിലെ വടക്കൻ പ്രവിശ്യയിലും മദ്ധ്യമേഖലയിലുമുണ്ടായ വെള്ളപ്പൊക്കത്തിലും ചുഴലിക്കാറ്റിലും 37 പേർ മരിച്ചതായി വിയറ്റ്നാം ദുരന്തനിവാരണ സേന അറിയിച്ചു. വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ നാൽപ്പതുപേരെ കാണാതായി. 21 പേർക്ക് പരിക്കേറ്റതായും സേന അറിയിച്ചു. കനത്ത വെള്ളപ്പൊക്കത്തെ തുടർന്ന് മേഖലയിലെ ഡാമുകൾ തുറന്നുവിട്ടിരിക്കുകയാണ്. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് 17000 വീടുകൾ ഒഴിപ്പിച്ചു.

ആരുഷി വധം: മാതാപിതാക്കളെ വെറുതേവിട്ട് ഹൈക്കോടതി

അലഹബാദ്: പതിന്നാലുകാരി ആരുഷി തൽവാറിനെയും വീട്ടുവേലക്കാരൻ ഹേമരാജിനെയും കൊലപ്പെടുത്തിയ കേസിൽ പ്രതികളായ ആരുഷിയുടെ മാതാപിതാക്കളെ അലഹബാദ് ഹൈക്കോടതി വെറുതേവിട്ടു.

ആരുഷിയുടെ മാതാപിതാക്കളായ രാജേഷ് തൽവാറും ഭാര്യ നൂപുർ തൽവാറും കുറ്റക്കാരെന്ന് കണ്ടെത്തി ജീവപര്യന്തം തടവുശിക്ഷ വിധിച്ച പ്രത്യേക സി.ബി.ഐ കോടതി ഉത്തരവാണ് അലഹബാദ് ഹൈക്കോടതി റദ്ദാക്കിയത്. ഇവർക്കെതിരെയുള്ള കുറ്റം സംശയാതീതമായി തെളിയിക്കാൻ സി.ബി.ഐക്ക് സാധിച്ചിട്ടില്ലെന്ന് ജസ്റ്റിസ് എ.കെ. മിശ്ര, ബി.കെ. നാരായണ എന്നിവർ അംഗങ്ങളായ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

ദന്തഡോക്ടർമാരായ രാജേഷ് തൽവാറിനെയും ഭാര്യ നൂപുർ തൽവാറിനെയും സംശയത്തിന്റെ ആനുകൂല്യത്തോടെയാണ് കോടതി വെറുതേ വിട്ടത്. സംശയത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ശിക്ഷിക്കാനാകില്ലെന്നും ദമ്പതികൾക്കെതിരായ തെളിവുകൾ അപര്യാപ്തമാണെന്നും കോടതി വിലയിരുത്തി.

2008 മേയ് 16ന് ആണ് ആരുഷിയെ (14) നോയിഡയിലെ വീട്ടിലെ കിടപ്പുമുറിയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. രണ്ടു ദിവസത്തിന ശേഷം വീടിന്റെ ടെറസിൽ വീട്ടുജോലിക്കാരനായ ഹേംമരാജിന്റെ മൃതദേഹവും കണ്ടെത്തി. രണ്ട് കൊലപാതകത്തിലും ആരുഷിയുടെ മാതാപിതാക്കൾക്ക പങ്കുണ്ടെന്ന കാണിച്ച് ഗാസിയാബാദിലെ പ്രത്യേക സി.ബി.ഐ കോടതി 2013 നവംബറിലാണ് ജീവപര്യന്തം തടവ് വിധിച്ചത്. ഇതിനെതിരെ ഇരുവരും ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

ആരുഷി വധക്കേസ്: നാൾവഴികൾ

ഉത്തർപ്രദേശിലെ നോയിഡയിലുള്ള രാജേഷ് തൽവാർ, നൂപുർ തൽവാർ ദമ്പതികളുടെ മകളായ 14 വയസുകാരി ആരുഷി തൽവാറും, അവരുടെ വീട്ടിലെ ജോലിക്കാരനായിരുന്ന ഹേമരാജ് ബെഞ്ചാദെയും കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്

2008 മേയ് 16: ആരുഷിയെ കിടപ്പുമുറിയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി വീട്ടുവേലക്കാരൻ ഹേമരാജ് കുറ്റവാളിയെന്ന് സംശയം

മേയ് 17: ഹേമരാജിന്റെ മൃതദേഹം വീടിന്റെ ടെറസിൽ കണ്ടെത്തി

മേയ് 19: മുൻ വേലക്കാരൻ വിഷ്ണുവിലേക്ക് സംശയം നീണ്ടു

മേയ് 23: പിതാവ് രാജേഷിനെ പ്രധാന പ്രതിയായി പൊലീസ് അറസ്റ്റുചെയ്തു

ജൂൺ 1: കേസിൽ സി.ബി.ഐ അന്വേഷണം ആരംഭിച്ചു

ജൂൺ 13: വീട്ടുവേലക്കാരി കൃഷ്ണ അറസ്റ്റിൽ

ജൂലായ് 12: രാജേഷ് തൽവാറിന് ജാമ്യം

ഡിസം 29: വേലക്കാരെ വെറുതേ വിട്ടുകൊണ്ട് രക്ഷിതാക്കളിലേക്ക് വിരൽ ചൂണ്ടി സി.ബി.ഐ റിപ്പോർട്ട്

2011 ഫെബ്രു 9: കൊലപാതകം, തെളിവ് നശിപ്പിക്കൽ കുറ്റങ്ങളുടെ പേരിൽ മാതാപിതാക്കൾ അറസ്റ്റിൽ

ഫെബ്രു 21: തൽവാർ ദമ്പതികൾ ഹൈക്കോടതിയിലേക്ക്

മാർച്ച് 18: അലഹബാദ് ഹൈക്കോടതി അപ്പീൽ തള്ളി

2013 നവംബർ: ഗാസിയാബാദ് പ്രത്യേക സി.ബി.ഐ കോടതി രാജേഷ് തൽവാറിനെയും ഭാര്യ നൂപുർ തൽവാറിനെയും ജീവപര്യന്തം തടവിന് ശിക്ഷിച്ചു

2017 ഒക്ടോ 12: അലഹബാദ് ഹൈക്കോടതി ഇരുവരെയും വെറുതേ വിട്ടു

കേജ്‌രിവാളിന്റെ വാഗൺ-ആർ മോഷണം പോയി

കേജ്‌രിവാൾ തൻറെ വാഗൺ- ആർ കാറിൽ

ന്യൂഡൽഹി: ആം ആദ്മി പാർട്ടിയുടെയും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെയും ഉയർച്ചയ്ക്കൊപ്പം വാർത്തകളിൽ ഇടം പിടിച്ച നീല വാഗൺ-ആർ കാർ ഡൽഹി സെക്രട്ടേറിയേറ്റിൽനിന്ന് മോഷണം പോയി. ഇന്നലെ ഉച്ചയ്ക്കാണ് സംഭവം. ഡൽഹി പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

കേജ്‌രിവാളിന്റെ വക കാർ ആം ആദ്മി മാദ്ധ്യമ വിഭാഗം മേധാവി വന്ദന സിംഗ് ആണ് ഉപയോഗിച്ച് വന്നത്. മുഖ്യമന്ത്രിയായ ശേഷം ഔദ്യോഗിക കാർ ലഭിച്ചതോടെ കേജ്‌രിവാൾ കാർ പാർട്ടിക്ക് സംഭാവന ചെയ്യുകയായിരുന്നു. സെക്രട്ടേറിയേറ്റിലെ മൂന്നാം നമ്പർ ഗേറ്റിലാണ് പാർക്ക് ചെയ്തിരുന്നത്.

2014ൽ ആം ആദ്മി പാർട്ടി ചരിത്ര വിജയം നേടിയ തിരഞ്ഞെടുപ്പ് സമയത്ത് അരവിന്ദ് കേജ്‌രിവാൾ സ്ഥിരമായി യാത്ര ചെയ്തിരുന്നത് ഈ കാറിലായിരുന്നു. അങ്ങനെ കാറും വാർത്തകളിൽ ഇടം നേടി.

ഹിമാചൽ നിയമസഭാതിരഞ്ഞെടുപ്പ് നവം.9ന്

ഗുജറാത്ത് തിരഞ്ഞെടുപ്പ് ഡിസംബർ 18ന് മുൻപ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ജനവരിയിൽ കാലാവധി തീരുന്ന 68 അംഗ ഹിമാചൽ പ്രദേശ് നിയമസഭയിലേക്ക് നവംബർ 9ന് വോട്ടെടുപ്പ് നടക്കും. ഡിസംബർ 18നാണ് വോട്ടെണ്ണൽ.

ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പും ഡിസംബർ 18ന് മുൻപ് നടത്തുമെന്നും തീയതി ഉടൻ പ്രഖ്യാപിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ അചൽ കുമാർ ജ്യോതി പത്രസമ്മേളനത്തിൽ അറിയിച്ചു.

ജനവരി 22ന് കാലാവധി തീരുന്ന 182 അംഗ ഗുജറാത്ത് നിയമസഭയുടെ തിരഞ്ഞെടുപ്പിന്റെ തീയതിയും ഇന്നലെ പ്രഖ്യാപിക്കേണ്ടതായിരുന്നു. വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളും മറ്റും പുനഃസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ സമയം ചോദിച്ചിട്ടുണ്ടെന്ന് കമ്മിഷൻ പറഞ്ഞു.

ഹിമാചൽ ഫലം ഗുജറാത്തിലെ വോട്ടർമാരെ സ്വാധീനിക്കുന്നത് തടയാനാണ് വോട്ടെണ്ണൽ ഡിസംബർ 18ന് തീരുമാനിച്ചത്. ഗുജറാത്തിലെ വോട്ടെണ്ണലും 18ന് നടക്കുമെന്ന് കമ്മിഷൻ സൂചിപ്പിച്ചു.

ഹിമാചലിൽ മുഖ്യമന്ത്രി വീരഭദ്ര സിംഗിന്റെ കോൺഗ്രസ് സർക്കാരിനെ പരാജയപ്പെടുത്തി ഭരണം തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണ് ബി.ജെ.പി. ആറു തവണ മുഖ്യമന്ത്രിയായ വീരഭദ്രസിംഗിന്റെ നേതൃത്വത്തിൽ തന്നെ പാർട്ടി മത്സരിക്കുമെന്ന് കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധി പ്രഖ്യാപിച്ചിട്ടുണ്ട്.

2012ൽ കോൺഗ്രസ് 36 സീറ്റ് നേടിയാണ് ഭരണം പിടിച്ചത്. ബി.ജെ.പിക്ക് 26 സീറ്റും ഹിമാചൽ ലോക്ഹിത് പാർട്ടിയും സ്വതന്ത്രനും ഒരോ സീറ്റും നേടി.

ഹിമാചൽ പ്രദേശ്

- ■പെരുമാറ്റ ചട്ടം ഇന്നലെ നിലവിൽ വന്നു.
- ■ തിരഞ്ഞെടുപ്പ് വിജ്ഞാപനം ഒക്ടോബർ 10ന്
- ■പത്രിക സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോ. 23
- ■സൂക്ഷ്മ പരിശോധന 24ന്.
- ■ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി 26ന്.
- ■ഡിസംബർ 21നകം തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കും.
- ■എല്ലാ ബൂത്തിലും വിവിപാറ്റ് യന്ത്രം
- ■സൈനികർക്ക് ഇലക്ട്രോണിക് വോട്ടിംഗ്

യുനെസ്കോയുടെ ഇസ്രയേൽ വിരുദ്ധത; പിൻമാറാനൊരുങ്ങി യു.എസ്

പാരിസ്: ഐക്യരാഷ്ട്രസംഘടനയുടെ യുനെസ്കോയിൽ നിന്ന് പിൻവാങ്ങുന്നതായി അമേരിക്ക ഇന്നലെ അറിയിച്ചു. യുനെസ്കോ പക്ഷപാതപരമായി ഇസ്രയേലിനെതിരെ നടപടികൾ കൈക്കൊള്ളുന്നുവെന്ന് ആരോപിച്ചാണ് സംഘടനയിൽ നിന്ന് പുറത്തുപോകുമെന്ന് യു.എസ് ഇന്നലെ പ്രഖ്യാപിച്ചത്.

ഐക്യരാഷ്ട്രസഭയുടെ കീഴിൽ വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവയുടെ ഉന്നമനത്തിലൂടെ സമാധാനവും സുരക്ഷയും ഉറപ്പാക്കാനായി പ്രവർത്തിക്കുന്ന സംഘടനയാണ് യുനെസ്കോ.

പ്രാതിനിദ്ധ്യത്തിന് പകരമായി യുനെസ്കോയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്നും യു.എസ് വക്താവ് ഹെതർ നൗവേർട്ട് പ്രസ്താവനയിൽ പറഞ്ഞു.

2011ൽ പലസ്തീന് സംഘടനയിൽ അംഗത്വം നൽകണമെന്ന് യുനെസ്കോ വാദിച്ചതിനു പിന്നാലെ യുനെസ്കോയ്ക്കുള്ള ഫണ്ടിംഗ് യു.എസ് നിറുത്തലാക്കിയിരുന്നു.

1984ൽ യുനെസ്കോയിൽ സോവിയറ്റ് പക്ഷപാതം ആരോപിച്ച് അമേരിക്ക സംഘടനയിൽ നിന്ന് പിൻമാറിയിരുന്നു. 2002ലാണ് വീണ്ടും തിരികെയെത്തിയത്.

പരോൾ കഴിഞ്ഞ് ശശികല മടങ്ങി

ബംഗളൂരു: അനധികൃത സ്വത്തുസമ്പാദനക്കേസിൽ ബംഗളൂരു പരപ്പന അഗ്രഹാര ജയിലിലായിരുന്ന വി.കെ. ശശികല പരോൾ കഴിഞ്ഞ് വീണ്ടും ജയിലിലേക്ക് മടങ്ങി. ചികിത്സയിൽ കഴിയുന്ന ഭർത്താവിനെ സന്ദർശിക്കാനായാണ് ശശികലയ്ക്ക് അഞ്ചുദിവസത്തെ പരോൾ അനുവദിച്ചത്.

കരളും വൃക്കയും തകരാറിലായതിനെതുടർന്ന് ശസ്ത്രക്രിയ കഴിഞ്ഞ് ചികിത്സയിൽ തുടരുന്ന ഭർത്താവ് എം. നടരാജനെ കാണാനായി പതിനഞ്ച് ദിവസത്തെ പരോളിനായിരുന്നു ശശികല അപേക്ഷ നൽകിയിരുന്നത്.

ഈ മാസം ഏഴു മുതൽ 11 വരെയാണ് ശശികലയ്ക്ക് കർശന ഉപാധികളോടെ അടിയന്തര പരോൾ അനുവദിച്ചത്. പുറത്തിറങ്ങിയാൽ രാഷ്ട്രീയ കൂടിക്കാഴ്ചകൾ പാടില്ലെന്നും അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളായ ആശുപത്രിയിലും ബന്ധുവീട്ടിലും മാത്രമാണ് സന്ദർശനാനുമതി എന്നും നിർദ്ദേശങ്ങളുണ്ടായിരുന്നു. ഇന്നലെ വൈകിട്ട് ആറിന് മുമ്പ് ജയിലിൽ മടങ്ങിയെത്താനായിരുന്നു കോടതി നിർദ്ദേശം.

കഴിഞ്ഞ ഫെബ്രുവരി മുതൽ ജയിലിൽ കഴിയുകയാണ് ശശികല.

ഇത്തിഹാദിന് വിമാനം പറത്താൻ കുട്ടി ക്യാപ്റ്റൻ

ആറുവയസുകാരന്റെ വിമാനം പറത്തൽ വീഡിയോ വൈറൽ

ദുബായ്: ഇത്തിഹാദ് എയർവെയ്സ് വിമാനത്തിൽ കഴിഞ്ഞദിവസം പൈലറ്റിനൊപ്പം കോക്ക്പിറ്റിൽ ഒരാൾ കൂടി ഉണ്ടായിരുന്നു.

ആദം മുഹമ്മദ് അമീർ എന്ന ആറുവയസുകാരൻ. വിമാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആധികാരികമായി സംസാരിക്കുന്ന ആദമിന്റെ വീഡിയോ കഴിഞ്ഞ ദിവസങ്ങളിൽ സമൂഹമാദ്ധ്യമങ്ങളിൽ വൈറലായിരുന്നു. പൈലറ്റിനെ പോലും അതിശയിപ്പിക്കുന്ന സംശയങ്ങളുമായാണ് ആദം വിമാനം പറത്താനെത്തിയത്.

ഒരിക്കൽ മൊറോക്കോയിൽ നിന്ന് അബുദാബിയിലേക്കുള്ള യാത്രയ്ക്കിടെ കോക്ക്പിറ്റിൽ വച്ചാണ് ഇത്തിഹാദിലെ കാബിൻ ക്രൂവുമായി ഈജിപ്ഷ്യൻ - മൊറോക്കൻ വംശജനായ ആദം സംസാരിച്ചത്. ആദമിന്റെ സംശയങ്ങൾ അവരെ ഞെട്ടിച്ചുകളഞ്ഞു. വിമാനം പറത്തണമെന്ന അവന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനാണ് ഇത്തിഹാദിന്റെ ട്രെയിനിംഗ് അക്കാഡമിയിലേക്ക് ക്ഷണിച്ചു വരുത്തി എയർബസ് എ380ന്റെ പൈലറ്റാക്കിയത്. പൈലറ്റുമാരും കാബിൻ ക്രൂ അംഗങ്ങളും നേരിട്ടെത്തി ആദമിനെ സ്വീകരിച്ചു. ഏതാണ്ട് അഞ്ചു മണിക്കൂറിലധികം ക്യാപ്ടൻ സമീറിനൊപ്പം കുട്ടിപൈലറ്റായി ആദം തിളങ്ങി. ഇതിന്റെ വീഡിയോ കഴിഞ്ഞ ദിവസമാണ് ഇത്തിഹാദ് പുറത്തുവിട്ടത്. അടിയന്തരസാഹചര്യങ്ങളിൽ എങ്ങനെയാണ് വിമാനം തഴെ ഇറക്കുക, ഈ സമയം എങ്ങനെ പ്രതികരിക്കണം എന്നൊക്കെയായിരുന്നു ആദമിന്റെ സംശയങ്ങൾ. മകൻ യാത്ര ഏറെ ആസ്വദിച്ചതായി ആദത്തിന്റെ പിതാവ് മുഹമ്മദ് അമീർ പറഞ്ഞു.

ഒരു ദിവസം നിങ്ങൾ ഒരു പൈലറ്റാകും. ക്യാപ്ടൻ ആദത്തിന്റെ സ്വപ്നങ്ങൾ കൂടുതൽ ഉയരത്തിലാകട്ടെ...കുട്ടി പൈലറ്റായി തിളങ്ങിയ ആദത്തിന് ഇത്തിഹാദ് ആശംസകളേകി.

വിമാനം പറത്തുന്ന ആദം

വിശപ്പൊഴിയാതെ ഇന്ത്യ

ആഗോള വിശപ്പ് സൂചികയിൽ ഇന്ത്യയും അയൽക്കാരും



ന്യൂഡൽഹി: ലോകത്ത് ഗൗരവതരമായ പട്ടിണി ദുരിതം പേറുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ നൂറാം സ്ഥാനത്ത്. അന്താരാഷ്ട്ര ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കുകൾ പ്രകാരം ആഗോള വിശപ്പ് സൂചികയിലാണ് ഇന്ത്യ നൂറാം സ്ഥാനത്ത്. ആകെ 119 രാജ്യങ്ങളടങ്ങുന്ന പട്ടികയിൽ പട്ടിണിയുടെ കാര്യത്തിൽ ഉത്തരകൊറിയയ്ക്കും ബംഗ്ലാദേശിനും ഇറാക്കിനും പിന്നിലാണ് ഇന്ത്യ. എന്നാൽ പാകിസ്ഥാൻ ഇന്ത്യയുടെ പിന്നിലാണ്. കഴിഞ്ഞ വർഷം പുറത്തിറക്കിയ കണക്കിൽ 97-ാമതായിരുന്നു ഇന്ത്യ.

വിവിധം

സി.എച്ച് പൊതുസമ്മതനായ നേതാവ്: കെ.ടി.ജലീൽ

തിരുവനന്തപുരം: എല്ലാ ജനവിഭാഗങ്ങൾക്കും സമ്മതനായ നേതാവായിരുന്നു സി.എച്ച്.മുഹമ്മദ് കോയയെന്ന് മന്ത്രി കെ.ടി.ജലീൽ പറഞ്ഞു. സി. എച്ച്. മുഹമ്മദ് കോയ എഡ്യുക്കേഷൻ ട്രസ്റ്റ് പ്രസ് ക്ലബ് ഹാളിൽ സംഘടിപ്പിച്ച 34-ാം സി.എച്ച് അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സി.എച്ചിനു ശേഷം പൊതു സമൂഹത്തിന് സ്വീകാര്യനായ ഒരു നേതാവിനെ ഉയർത്തിക്കാണിക്കാൻ മുസ്ലീം സമുദായത്തിന് കഴിഞ്ഞിട്ടില്ലെന്ന് പറഞ്ഞ അദ്ദേഹം ആത്മാർത്ഥതയുള്ള നേതാക്കളുടെ അഭാവമാണ് സമുദായം നേരിടുന്ന വെല്ലുവിളിയെന്നും കൂട്ടിച്ചേർത്തു. ട്രസ്റ്റ് വൈസ് ചെയർമാൻ പി. സിയാവുദ്ദീൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി. എ. അബ്ദുൽ വഹാബ് സ്വാഗതം പറഞ്ഞു.

ഉന്നത വിജയം നേടിയവർക്കുള്ള അവാർഡ് വിതരണം ഡോ. അദീല അബ്ദുള്ള നിർവഹിച്ചു. എ. നീലലോഹിതദാസ്, മുസ്ലീം വിമൻസ് അസോസിയേഷൻ പ്രസിഡന്റ് സൈനബ ബീവി, മുഹമ്മദ് ഷെരീഫ് നിസാം, ജെ.ഹസൻ തുടങ്ങിയവർ അനുസ്മരണയോഗത്തിൽ പങ്കെടുത്തു.

വേണുഗോപാലിന് അനർഹ പദവി: ബി.ജെ.പി

കോട്ടയം : സോളാർ കേസിൽ ആരോപണവിധേയനായ കെ.സി.വേണുഗോപാൽ എം.പിക്ക് ലോക്സഭയിൽ ഉപനേതൃപദവിയും പാർട്ടി ജനറൽ സെക്രട്ടറി സ്ഥാനവും അനർഹമായി നൽകിയത് എന്തിനാണെന്ന് രാഹുൽ ഗാന്ധി വ്യക്തമാക്കണമെന്ന് ബി. ജെ. പി ദേശീയ വക്താവ് ഡോ. ജി. വി. എൽ നരസിംഹറാവു വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. കേരളം കണ്ട ഏറ്റവും വലിയ അഴിമതി മാനഭംഗ കേസാണെന്നും അദ്ദേഹം പറഞ്ഞു.

ഫാസിസത്തിനെതിരേ കെ.പി.സി.സി യുടെ നേതൃത്വത്തിൽ തിരുവനന്തപുരം വി.ജെ.ടി ഹാളിൽ സംഘടിപ്പിച്ച മാദ്ധ്യമ -സാംസ്കാരിക കൂട്ടായ്മ 'ഗൗരിക്കൊപ്പം കേരളം' പരിപാടിയിൽ അനുസ്മരണ പ്രഭാഷണം നടത്തുന്ന കെ.പി.സി.സി പ്രസിഡന്റ് എം.എം ഹസൻ. ഡോ.എം.ആർ തമ്പാൻ, കെ.പി മോഹനൻ, ഗൗരിദാസൻ നായർ, എം.ജി രാധാകൃഷ്ണൻ, സൂര്യ കൃഷ്ണ മൂർത്തി, ടി. ശരത് ചന്ദ്ര പ്രസാദ്, പ്രസ് ക്ലബ് പ്രസിഡന്റ് രാജീവ്, പന്തളം സുധാകരൻ, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, മൺവിള രാധാകൃഷ്ണൻ, കാട്ടൂർ നാരായണ പിള്ള എന്നിവർ സമീപം

ദേശീയോദ്ഗ്രഥന പ്രചാരണം
സൗഹൃദ സമ്മേളനം

എസ്.കെ.എസ്.എസ്.എഫ്. സംഘടിപ്പിച്ച ദേശീയോദ്ഗ്രഥന സൗഹൃദ സമ്മേളനം മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു

പാർലമെന്റ് ഭൂരിപക്ഷം ജനങ്ങളുടെ പ്രതിഫലനമാകണം : മന്ത്രി ജി.സുധാകരൻ

തിരുവനന്തപുരം : പാർലമെന്റ് രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ വികാരങ്ങളെ മാനിക്കുന്നതായിരിക്കണമെന്ന് മന്ത്രി ജി. സുധാകരൻ.

'ഒരുമയോടെ വസിക്കാം സൗഹൃദം കാക്കാം ' എന്ന സന്ദേശവുമായി എസ്.കെ.എസ്.എസ്.എഫ്. സംഘടിപ്പിച്ച ദേശീയോദ്ഗ്രഥന പ്രചാരണ പരിപാടിയുടെ ഭാഗമായി നടന്ന സൗഹൃദസമ്മേളനം പാളയം ഹസൻ മരക്കാർ ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേവലം 31 ശതമാനം ജനങ്ങളുടെ മാത്രം പിന്തുണയുള്ളവരാണ് രാജ്യം ഭരിക്കുന്നത്. മഹാഭൂരിപക്ഷത്തിന്റെ താത്പര്യത്തിന് എതിരായിട്ട് ഒരു ഭരണാധികാരി വരുന്നത് ഭരണഘടനയുടെ പരിമിതിയാണെന്നും ഇതിന് സമഗ്രമായ തെരഞ്ഞെടുപ്പ് പരിഷ്കരണം ആവശ്യമാണ്.

രാജ്യത്തിന്റെ ഭരണഘടനയും സാമൂഹിക ഐക്യവും നിലനിൽക്കുന്നത് ന്യൂനപക്ഷങ്ങളുടെ ദേശീയബോധം കൊണ്ടാണ്. ഭരണഘടനയുടെ അടിസ്ഥാനത്തിൽ സംസാരിക്കുമ്പോൾ ഫാസിസ്റ്റുകൾ അത് ന്യൂനപക്ഷ പ്രീണനമെന്ന മട്ടിൽ പ്രചരിപ്പിക്കുന്നുവെന്നും അക്കൂട്ടർ ഭരണഘടനാവിരുദ്ധരാണെന്നും മന്ത്രി പറഞ്ഞു. എസ്. കെ. എസ്. എസ്. എഫ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ അദ്ധ്യക്ഷനായി. മുൻ ഡി. ജി. പി ഡോ. അലക്സാണ്ടർ ജേക്കബ് മുഖ്യാതിഥിയായി. റവ. ഫാദർ ഡോ.പ്രകാശ്, രാഹുൽ ഈശ്വർ, ഓണംപിള്ളി മുഹമ്മദ് ഫൈസി, സത്താർ പന്തല്ലൂർ, നൗഷാദ് ബാഖവി ചിറയിൻകീഴ്, ഷാജഹാൻ ദാരിമി, കെ.എൻ.എസ് മൗലവി തുടങ്ങിയവർ സംസാരിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡ്യൂട്ടി മുറിയിൽ ഡോക്ടർ മരിച്ച നിലയിൽ

അമ്പലപ്പുഴ: മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗിയെ പരിശോധിച്ചശേഷം ഡ്യൂട്ടിമുറിയിൽ വിശ്രമിക്കാൻ പോയ ഡോക്ടറെ മരിച്ച നിലയിൽ കണ്ടെത്തി. കാർഡിയാക് തൊറാസിക് സർജറി മേധാവി തിരുവനന്തപുരം പട്ടം സിതാരയിൽ ഡോ. രാജശേഖരനാണ് (53) മരണമടഞ്ഞത്. മസ്തിഷ്കാഘാതം വന്ന് വീണ് മരിച്ചതാകാമെന്ന് കരുതുന്നു. ഇന്നലെ പുലർച്ചെ അഞ്ചിന് വിശ്രമമുറിയിലേക്ക് പോയ ഡോക്ടറെ വിളിക്കാൻ എട്ടരയോടെ നഴ്സ് ചെന്നപ്പോൾ വാതിൽ അകത്ത് നിന്ന് കുറ്റിയിട്ട നിലയിലായിരുന്നു.

പലതവണ വിളിച്ചിട്ടും തുറക്കാതെ വന്നതോടെ ജീവനക്കാർ വാതിൽ തള്ളി തുറന്ന് അകത്തുകയറിയപ്പോൾ ഡോക്ടർ രക്തത്തിൽ കുളിച്ച് നിലത്ത് കിടക്കുകയായിരുന്നു തലയുടെ പിന്നിൽ നല്ല മുറിവുണ്ട്. താഴെ വീണപ്പോഴുണ്ടായ മുറിവാകാമെന്നാണ് പ്രാഥമിക നിഗമനം. തിരുവനന്തപുരത്ത് നിന്ന് ഫോറൻസിക് വിദഗ്ദ്ധർ എത്തി പരിശോധന നടത്തി. ഭാര്യ നിമ്മി തിരുവനന്തപുരം ഗോകുലം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഗൈനോക്കോളജിസ്റ്റാണ്. ഏക മകൾ നിമിഷ എം.ബി.ബി.എസ് നാലാം വർഷ വിദ്യാർത്ഥിനിയാണ്.

മൃതദേഹം ആശുപത്രിയിൽ പൊതുദർശനത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കെയാണ് വകുപ്പ് മേധാവി ഡോ. രാജശേഖരന്റെ മരണമെന്ന് സൂപ്രണ്ട് ആർ.വി.രാംലാൽ പറഞ്ഞു

ഡോ.രാജശേഖരൻ

സി.പി.ഐ പാർട്ടി കോൺഗ്രസ്

ലോഗോ രൂപകല്പനയ്ക്കായി സംഗമം

തിരുവനന്തപുരം: അടുത്ത ഏപ്രിൽ 25 മുതൽ 29 വരെ കൊല്ലത്ത് നടക്കുന്ന സി.പി.ഐ 23-ാം പാർട്ടി കോൺഗ്രസിന്റെ ലോഗോ രൂപകല്പനയ്ക്കായി കലാകാരന്മാരുടെ സംഗമം സംഘടിപ്പിക്കുന്നു. 13-ന് തിരുവനന്തപുരത്ത് ജോയിന്റ് കൗൺസിൽ ഹാളിൽ സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ 10.30ന് സംഗമം ഉദ്ഘാടനം ചെയ്യും.